മെട്രോ വാർത്ത

01 May 2026

# സമുദ്ര മത്സ്യലഭ്യതയിൽ വർധന; കേരളത്തിൽ മത്തി കൂടി: സിഎംഎഫ്ആർഐ



*കഴിഞ്ഞവർഷം ഇന്ത്യൻ തീരങ്ങളിലെ സമുദ്ര മത്സ്യ ലഭ്യതയെ കുറിച്ചുള്ള സിഎംഎഫ്ആർഐയുടെ പഠന റിപ്പോർട്ട് ഡയറക്ടർ ഡോ. ഗ്രിൻസൺ ജോർജ് പ്രകാശനം ചെയ്യുന്നു. ഡോ. യു. ഗംഗ, ഡോ ജോസ്‌ലിൻ ജോസ്, ഡോ. വി.വി.ആർ. സുരേഷ്, ഡോ.കെ.എസ്. ശോഭന, ഡോ. ശോഭ ജോ കിഴക്കൂടൻ, ഡോ. ജെ. ജയശങ്കർ, ഡോ. കൃപേഷ് ശർമ എന്നിവർ സമീപം.*

കൊച്ചി: കഴിഞ്ഞ വർഷം ഇന്ത്യൻ തീരങ്ങളിൽ നിന്നുപിടിച്ചത് 35.7 ലക്ഷം ടൺ സമുദ്ര മത്സ്യം. മുൻവർഷത്തേക്കാൾ ഇന്ത്യയിലാകെ മൂന്ന് ശതമാനത്തിന്റെ വർധനവുണ്ടായതായി കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ (സിഎംഎഫ്ആർഐ) റിപ്പോർട്ട്.

രാജ്യത്ത് ഏറ്റവുമധികം മത്സ്യം പിടിച്ചത് തമിഴ്നാടാണ്, 6.85 ലക്ഷം ടൺ. പ്രതികൂല കാലാവസ്ഥയും മത്സ്യബന്ധന നിരോധന കാലയളവ് നീട്ടിയതിനാലും ഗുജറാത്ത് രണ്ടാം സ്ഥാനത്തേക്ക് പിന്തള്ളപ്പെട്ടു. രണ്ട് ശതമാനം വർധനയോടെ കേരളം മൂന്നാം സ്ഥാനം നിലനിർത്തി. കേരളത്തിൽ മത്തിയുടെ ലഭ്യത 13% കൂടി കഴിഞ്ഞ പതിറ്റാണ്ടിനിടയിലെ ഉയർന്ന ലഭ്യതയിലെത്തി. 1.68 ലക്ഷം ടണ്ണുമായി സംസ്ഥാനത്ത് ഏറ്റവുമധികം പിടിച്ച മത്സ്യവും മത്തിയാണ്. 2013നു ശേഷമുള്ള ഏറ്റവും വലിയ ലഭ്യതയാണിത്. കഴിഞ്ഞ വർഷം 1.49 ലക്ഷം ടണ്ണായിരുന്നു. കേരളത്തിലെ ആകെ സമുദ്രമത്സ്യ ലഭ്യത 6.24 ലക്ഷം ടണ്ണാണ്. മത്തിക്ക് പുറമെ, കിളിമീൻ, കണവ-കൂന്തൽ-നീരാളി ഇനങ്ങളുടെ ലഭ്യതയിലും വർധനവുണ്ടായി. എന്നാൽ, തിരിയാൻ, ചെമ്മീൻ, പാമ്പാട എന്നിവ കുറഞ്ഞു.

മത്തി കഴിഞ്ഞാൽ, അയല (62,269 ടൺ), കൊഴുവ (43,917 ടൺ), കിളിമീൻ (43,184 ടൺ), ചെമ്മീൻ (40,443 ടൺ) എന്നിവയാണ് കേരളത്തിൽ കഴിഞ്ഞ വർഷം ഏറ്റവും കൂടുതൽ ലഭിച്ച മത്സ്യയിനങ്ങൾ. അനുകൂലമായ പാരിസ്ഥിതിക ഘടകങ്ങളാണ് മത്തി പോലുള്ള ചെറിയ മീനുകൾക്ക് ഗുണകരമായതെന്ന് സിഎംഎഫ്ആർഐ ഡയറക്റ്റർ ഡോ. ഗ്രിൻസൺ ജോർജ് പറഞ്ഞു. നിയന്ത്രിത രീതിയിലുള്ള മത്സ്യബന്ധനവും സഹായകരമായെന്നും അദ്ദേഹം പറഞ്ഞു.

സെന്ററുകളിൽ 69,254 കോടി രൂപയും (10.45% വർധന) ചില്ലറ വിപണിയിൽ 97,702 കോടി രൂപയും (8.43% വർധന) വിറ്റുവരവുണ്ടായി. കേരളത്തിൽ ലാൻഡിങ് സെന്ററുകളിലെ മൂല്യം 12,665 കോടി രൂപയും (17.8% വർധന), ചില്ലറ വിപണിയിലേത് 16,681 (11.1% വർധന) കോടി രൂപയുമാണ്. വിപണന കാര്യക്ഷമതയിൽ കേരളം രാജ്യത്ത് ഒന്നാമതാണ് (72.83%). സിഎംഎഫ്ആർഐയിലെ ഫിഷറി റിസോഴ്സസ് അസസ്മെന്റ്, ഇക്കണോമിക്സ് ആൻഡ് എക്സ്റ്റൻഷൻ വിഭാഗമാണ് വാർഷിക സമുദ്രമത്സ്യ ലഭ്യത കണക്കാക്കി റിപ്പോർട്ട് തയാറാക്കിയത്.

വാർത്താസമ്മേളനത്തിൽ വിവിധ ഗവേഷണ വിഭാഗം മേധാവികളായ ഡോ. ജെ. ജയശങ്കർ, ഡോ. ശോഭ ജോ കിഴക്കൂടൻ, ഡോ. കെ.എസ്. ശോഭന, ഡോ. ജോസ്‌ലിൻ ജോസ്, ഡോ. വി.വി.ആർ. സുരേഷ്, ഡോ. കൃപേഷ് ശർമ എന്നിവർ പങ്കെടുത്തു.